ദേശാഭിമാനി
deshabhimani

## കാടറിവ് പാട്ട് ഹിറ്റ്

# കാടകംതൊട്ട് കണ്ണന്റെ ഈണം

സ്വന്തം ലേഖകൻ

**ആലപ്പുഴ**

ഈണത്തിലും വരികളിലും കാടിന്റെ കൗതുകം നിറച്ച വനംവകുപ്പിന്റെ തീം സോങ് ഹിറ്റ്. കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഹരിപ്പാട് സ്വദേശി ഡോ. കണ്ണൻ വാര്യരാണ് സംഗീതം. 'കാടും കാട്ടാറും കടലും കേരളനാടിന്റെ പെരുമ, കാടക പൊരുളിൻ തനിമ നാടിന്നുയിരിൻ പൊലിമ' തുടങ്ങിയ വരികൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പ്രമോദ് കൃഷ്ണന്റേതാണ്. ഗാനാലാപനം പി ജയചന്ദ്രൻ. കാടകങ്ങളുടെ മനോഹാരിതയിൽ ഡിഎഫ്ഒ രാജു കെ ഫ്രാൻസിസാണ് ദൃശ്യാവിഷ്കാരം. വനമഹോത്സവത്തിൽ മന്ത്രി കെ രാജു ഗാനം റിലീസ്ചെയ്തു.



കാടറിവ് പാട്ടിന്റെ ദൃശ്യാവിഷ്കാരത്തിൽനിന്ന്

കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിനായി പരിസ്ഥിതി ദിനത്തിന് യജുർവേദത്തെ ആസ്പദമാക്കി ഡോ. കണ്ണൻ വാര്യർ സംഗീതം നൽകി ആലപിച്ച പ്രകൃതി വന്ദനം രാജ്യാന്തര ശ്രദ്ധ നേടിയിരുന്നു. സ്വന്തമായി ഈണം നൽകി പാടിയ 'ദശപുഷ്പം' എന്ന സംഗീത ആൽബത്തിന് പുറമെ അടുത്തിടെ 'ലളിതം' എന്ന കർണാടക സംഗീത ആൽബവും പുറത്തിറക്കി. അന്തരിച്ച സംഗീത സംവിധായകൻ എം കെ അർജുനനാണ് ലളിതം പ്രകാശനം ചെയ്തത്.

ഫോറസ്ട്രിയിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഒന്നാം റാങ്കോടെ പാസായ കണ്ണൻ വാര്യർ അഞ്ചുതവണ കേരള കാർഷിക സർവകലാശാലയുടെ കലാപ്രതിഭയുമായിരുന്നു. ഗിത്താർ, മൃദംഗം, ഹാർമോണിയം, ഇടയ്ക്ക എന്നിവ വായിക്കും. ഡൽഹിയിലെ റിപ്പബ്ലിക്ക് ദിന പരിപാടിയിൽ എൻസിസി കേരള ഘടകത്തെ പ്രതിനിധീകരിച്ച് കലാപരിപാടി അവതരിപ്പിച്ചിട്ടുണ്ട്. സ്കൂൾ കലോത്സവത്തിൽ പത്തുവർഷത്തിലേറെ വിധികർത്താവായി. ഇന്ത്യയിലാദ്യമായി ഉപ്പുരസമേറിയ മണ്ണിന് യോജിച്ച കാറ്റാടിയുടെ മൂന്ന് ക്ലോണുകളെ വികസിപ്പിച്ചു. ആലപ്പുഴയിലെ കാവുകളെ പറ്റിയുള്ള പഠനത്തിന് ജൈവ വൈവിധ്യ മേഖലയിലെ ഇന്ത്യയിലെ മികച്ച ഗവേഷകനുള്ള പുരസ്കാരം നേടി. യുണൈറ്റഡ് നേഷൻസ് ഫോറസ്റ്റ് സർവീസ് അമേരിക്കയിൽ നടത്തിയ വനജനിതക പ്രജനന പര്യവേക്ഷണ പരിപാടിയിൽ പങ്കെടുത്ത ഏക മലയാളിയാണ്.

ദേശാഭിമാനി Thu, 09 July 2020
https://epaper.deshabhimani.com/c/53315062

194. News in Deshabhimani, Alappuzha, 09.07.2020, Kadarivu, Theme Song of Kerala Forests and Wildlife Department.